**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4473

04.02.2014-ലെ മറുപടിക്ക്

**റവന്യൂവക ഭൂമി ഇതര വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ജെയിംസ് മാത്യൂ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂവക ഭൂമി ഇതര വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; | (എ) പുതുക്കി നിശ്ചയിച്ചിട്ടില്ല. |
| (ബി) മാർക്കറ്റ് വിലയ്ക്ക് പഞ്ചായത്തുകൾക്ക് പതിച്ച് നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ മാർക്കറ്റ് വില കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; പാട്ട വ്യവസ്ഥയിൽ ഭൂമി പതിച്ച് നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ; | (സി) പൊന്നുംവില നിയമത്തിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് റവന്യൂ വകുപ്പിൽ ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്നത്. സമവും സമാനവുമായ ഭൂമി കൈമാറ്റ നടപടികൾ പരിശോധിച്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് കമ്പോളവില കണ്ടെത്തുക. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത്. |
| (ഡി) തളിപ്പറമ്പിൽ കുറുമാത്തൂർ ഐ.ടി.ഐ.യുടെ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാനുള്ള അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; & (ഇ) എങ്കിൽ ആയത് നൽകാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഡി) & (ഇ) തളിപ്പറമ്പ് താലൂക്കിൽ കുറമാത്തൂർ ഗ്രാമപഞ്ചായത്തിന് ITI സ്ഥാപിക്കുന്നതിനാവശ്യമായ 15 ഏക്കർ സ്ഥലത്തിന്റെ കമ്പോളവിലയായ 1.95 കോടി രൂപ ഒടുക്കുവാൻ പഞ്ചായത്ത് തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'യ്ക്കായി നീക്കിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ